**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 657** **26-07-2021 - ൽ മറുപടിയ്ക്ക്**

**ചമ്പക്കുളം പാലത്തിന്റെ അപ്രോച്ച് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചമ്പക്കുളം ഫൊറോന ദേവാലയത്തോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ചമ്പക്കുളം പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ അത് പുതുക്കി നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകും എന്ന് വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത പ്രവൃത്തി കരാറുകാരന്റെ ഡിഫക്ട് ലയബിലിറ്റി പീരീഡിന്റെ ഉള്ളിൽ ആയതിനാൽ അടിയന്തിരമായി പരിഹരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കുട്ടനാട്ടിലെ പാലങ്ങളും കലുങ്കുകളും നിർമ്മിക്കുമ്പോൾ അപ്രോച്ച് റോഡ് കരിങ്കല്ല് കെട്ടി നിർമ്മിക്കുന്നത് മൂലം പിന്നീട് ഇടിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) | കുട്ടനാട്ടിലെ നിർമ്മാണം പൂർത്തിയായ പാലങ്ങളുടെ അപ്രോച്ച് റോഡ് സെറ്റിൽമെന്റ് ഉണ്ടാകുന്നത് അവിടുത്തെ മണ്ണിന്റെ പ്രത്യേക ഘടന മൂലമാണ്. ആദ്യ വർഷങ്ങളിൽ സെറ്റിൽമെന്റ് കൂടുതലായും പിന്നീട് കുറയുന്നതായും കണ്ടു വരുന്നു. അപ്രോച്ച് റോഡിന്റെ കേടുപാടുകൾ പരിഹരിച്ച് ഗതാഗതയോഗ്യമാക്കാറുണ്ട്. |
| (ഡി) | കുട്ടനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യകത പരിഗണിച്ച് അവിടെ നിർമ്മിക്കുന്ന എല്ലാ കലുങ്കുകളുടെയും പാലങ്ങളുടെയും അപ്രോച്ച് റോഡ് കോൺക്രീറ്റിൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി) | കുട്ടനാട്ടിൽ നിലവിൽ നിർമ്മിക്കുന്ന പാലങ്ങൾ എല്ലാം തന്നെ ഭൂപ്രകൃതി അനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ കോൺക്രീറ്റ് ലാന്റ് സ്പാൻ നൽകിയാണ് രൂപകൽപ്പന ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ